

ജൈവവൈവിദ്ധ്യ പരിപാലന സമിതിക്കുള്ള സംസ്ഥാന സർക്കാർ പുരസ്കാരം മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും ശ്രീനാരായണപുരം പഞ്ചായത്ത് പ്രസിഡന്റ് എം.എസ്. മോഹനന്റെ നേതൃത്വത്തിൽ ബി.എം.സി അംഗങ്ങൾ ഏറ്റുവാങ്ങുന്നു.

# ശ്രീനാരായണപുരം പഞ്ചായത്തിന് ജൈവവൈവിദ്ധ്യ പരിപാലന സമിതി പുരസ്കാരം

കൊടുങ്ങല്ലൂർ: ജൈവവൈവിദ്ധ്യ പരിപാലന സമിതിക്കുള്ള സംസ്ഥാന പുരസ്കാരം ശ്രീനാരായണപുരം പഞ്ചായത്തിന്. തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനിൽനിന്നും പ്രശസ്തിപത്രവും ലക്ഷംരൂപ അവാർഡ് തുകയും പഞ്ചായത്ത് പ്രസിഡന്റ് എം.എസ്.മോഹനന്റെ നേതൃത്വത്തിൽ ബി.എം.സി അംഗങ്ങൾ ഏറ്റുവാങ്ങി. മന്ത്രി പി.എ.മുഹമ്മദ്റിയാസ് അദ്ധ്യക്ഷനായി. ശാസ്ത്ര സാങ്കേതിക സഹായത്തോടെയും ബഹുജന പങ്കാളിത്തത്തോടെയും ഐക്യരാഷ്ട്രസഭ മുന്നോട്ടുവയ്ക്കുന്ന സുസ്ഥിര വികസന ലക്ഷ്യം മുൻനിറുത്തിയും ശ്രീനാരായണപുരം പഞ്ചായത്ത് ജൈവവൈവിദ്ധ്യ പരിപാലന സമിതിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭിച്ചത്. ജൈവവൈവിദ്ധ്യ പൈതൃക സ്ഥലം, ജനകീയ ജൈവവൈവിദ്ധ്യ രജിസ്റ്റർ(പി.ബി.ആർ) രണ്ടാംഭാഗം, ഇലക്ട്രോണിക് പി.ബി.ആർ, ജൈവവൈവിദ്ധ്യ പരിപാലന സമിതി യോഗങ്ങൾ, 13ാമത് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, വനവത്കരണം(പച്ചത്തുരുത്ത്), കാർഷിക മത്സ്യകൃഷി എന്നിങ്ങനെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ ജൈവവൈവിദ്ധ്യ പരിപാലനത്തിനായി നടത്തിയിരുന്നു. സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് ചെയർമാൻ ഡോ.എൻ. അനിൽകുമാർ, സംസ്ഥാന ശാസ്ത്രോപദേഷ്ടാവ് എം.സി.ദത്തൻ, പരിസ്ഥിതി വകുപ്പ് സെക്രട്ടറി ഡോ.രത്തൻ യു. ഖേൽക്കർ, ഫോറസ്റ്റ് അഡീ. ചീഫ് കൺസർവേറ്റർ പ്രമോദ് ജി. കൃഷ്ണൻ, മറ്റ് ഉദ്യോഗസ്ഥന്മാരായ ഡോ.എ.സാബു, ഡോ.വി.ബാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. സെക്രട്ടറി രഹന പി.ആനന്ദ്, വാർഡ് മെമ്പർ ജിബി മോൾ, കെ.ആർ.രാജേഷ്, ഡോ.അമിതാബച്ചൻ, എൻ.എം.ശ്യാംലി, ഇ.ആർ.രേഖ, പി.ആർ.രതീഷ്, ടി.കെ.വരുണൻ, ദേവിക അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.